"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്-ജീവനക്കാര്യം-കോഴിക്കോട് ജില്ല-കൊടുവള്ളി മുനിസിപ്പാലിറ്റി സെക്രട്ടറി നിയമനം- പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2810/2025/LSGD തീയതി,തിരുവനന്തപുരം, 14-11-2025

---

പരാമർശം:-

1 കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 01.11.2025 തീയതിയിലെ B2/101/2025-SEC-Part(1) നമ്പർ കത്ത്.

2. സ.ഉ(സാധാ )നം2650/2025/LSGD തീയതി 03.11.2025

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05.11.2025-ലെ O.A(EKM)NO.1687/2025-ന്മേലുള്ള ഇടക്കാല ഉത്തരവ്.

4 തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.11.2025-ലെ LSGD/PD/34653/2025-DEA1 നമ്പർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷന്റെ പരാമർശം(1)നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റി സെക്രട്ടറിയായി ശ്രീ.അനിൽകുമാർ നൊച്ചിയിലിനെ പരാമർശം (2) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.അനിൽകുമാർ നൊച്ചിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A(EKM)NO.1687/2025 കേസിലെ പരാമർശം (3) ഇടക്കാല ഉത്തരവിൽ ബഹു.ട്രിബ്യൂണൽ സ്റ്റേ അനുവദിക്കുകയുണ്ടായി. തുടർന്ന് കോഴിക്കോട് കോർപ്പറേഷനിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ.വി.പി.ഉണ്ണികൃഷ്ണനെ കൊടുവള്ളി മുനിസിപ്പാലിറ്റി സെക്രട്ടറിയായി പരാമർശം (4) പ്രകാരം സ്ഥലംമാറ്റി നിയമിച്ച് ഉത്തരവായിരുന്നു.

2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2025- നുള്ള ഒരുക്കങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട സാഹചര്യം പരിഗണിച്ച് കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ സെക്രട്ടറിയെ നിയമിക്കേണ്ടത് അനിവാര്യമായതിനാൽ ശ്രീ.വി.പി.ഉണ്ണികൃഷ്ണനെ കൊടുവള്ളി മുനിസിപ്പാലിറ്റി സെക്രട്ടറിയായി നിയമിച്ച പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4)ഉത്തരവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി,കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ,തിരുവനന്തപുരം
സെക്രട്ടറി,കോഴിക്കോട് കോർപ്പറേഷൻ
ചെയർപേഴ്സൺ,കൊടുവള്ളി നഗരസഭ
ശ്രീ.വി.പി.ഉണ്ണികൃഷ്ണൻ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 14-11-2025 12:53:02
സെക്ഷൻ ഓഫീസർ